"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - അഞ്ചൽ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് വാർഡിൽ പ്രവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യം എത്തിക്കുന്നതിന് പ്രത്യേകം രൂപകൽപന ചെയ്ത വാഹനം വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

G.O.(Rt) No.422/2021/LSGD തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 05.11.2020-ലെ അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ A2-7920/2019 നമ്പർ കത്ത്

2 28.12.2020 ലെ കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്ത്

3 07.01.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.13 നമ്പർ തീരുമാനം.

ഉത്തരവ്

അഞ്ചൽ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് വാർഡിൽ പ്രവർത്തിച്ചുവരുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യം എത്തിക്കുന്നതിന് പ്രത്യേകം രൂപകൽപന ചെയ്ത വാഹനം വാങ്ങുന്നതിന് ഭരണസമിതി തീരുമാനിക്കുകയും 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും ആയത് സർക്കാർ സാധൂകരണം ആവശ്യമാണ് എന്ന കാരണത്താൽ അംഗീകാരം ലഭ്യമാക്കിയിരുന്നില്ല എന്നും വാഹനത്തിന് വേണ്ടുന്ന ഇന്ധന ചെലവും ഡ്രൈവർ കൂലിയും വഹിക്കുന്നതിന് പഞ്ചായത്തിന്റെ തനത് ഫണ്ട് പര്യാപ്തമാണെന്നും ആയതിനാൽ മാലിന്യ സംസ്കരണത്തിനായി വാഹനം വാങ്ങുന്നതിനുള്ള പ്രോജക്ടിനു അനുമതി നൽകണമെന്ന പരാമർശം (1) അഞ്ചൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ , കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം (2 ) പ്രകാരം ലഭ്യമാക്കുകയുണ്ടായി .

സർക്കാർ ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശം (2) തിരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകളോടെ പ്രസ്തുത പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

1) മാലിന്യം കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപകൽപ്പന ചെയ്ത വാഹനമാണെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.

2) ഈ വാഹനം മറ്റ് ആവശ്യത്തിനു ഉപയോഗിക്കാൻ പാടില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

പ്രസിഡന്റ്, അഞ്ചൽ ഗ്രാമപഞ്ചായത്ത്, കൊല്ലം.

സെക്രട്ടറി, അഞ്ചൽ ഗ്രാമപഞ്ചായത്ത്, കൊല്ലം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by REENAMMA P A
Date: 2021.02.15 17:49:12 IST
Reason: Approved

സെക്ഷൻ ഓഫീസർ